# 2024-JST—ദൂത് പത്ത്—യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന തേജസ്സും തേജസ്കരണവും

## തേജസിന്റെ നിർവചനം

**I. തേജസ്സെന്നത് ദൈവത്തിന്റെ ഒരു സദ്ഗുണമാണ്; തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരം, ദൈവം പ്രതാപത്തിൽ ആവിഷ്കരിക്കപ്പെടുന്നതാണ്**

## ദൈവ വ്യവസ്ഥയും തേജസ്സും തമ്മിലുള്ള അന്തഃസ്ഥിതമായ ബന്ധം

**II. ദൈവത്തിന്റെ തേജസ്സ് അന്തഃസ്ഥിതമായി ദൈവത്തിന്റെ വ്യവസ്ഥയോട് ബന്ധപ്പെട്ടിരിക്കുന്നു**

- ത്രിയേക ദൈവം തേജസ്സിന്റെ ദൈവമാണ്
- ദൈവത്തിന്റെ നിത്യ ലക്ഷ്യം—തന്റെ അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരിക
- ദൈവതേജസ്സിൽ മനുഷ്യൻ അവനെ ആവിഷ്കരിക്കുന്നതിനായി—തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു
- മനുഷ്യൻ പാപം ചെയ്തു—ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു
- ക്രിസ്തുവിന്റെ വീണ്ടെടുപ്പ്—ദൈവത്തിന്റെ തേജസ്സിന്റെ ആവശ്യകതകൾ നിറവേറ്റി
- തന്റെ നിത്യ തേജസ്സിനാലും നിത്യ തേജസ്സിലേക്കും ദൈവം നമ്മെ വിളിച്ചു
- ക്രിസ്തു തേജസ്സിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു
- നാം തേജസ്സിൽനിന്ന് തേജസ്സിലേക്ക് കർത്താവിന്റെ സ്വരൂപമായി രൂപാന്തരപ്പെടുന്നു
- ദൈവത്തിന്റെ ജൈവിക രക്ഷയുടെ ലക്ഷ്യം—നമ്മുടെ തേജസ്കരണം
- ഈ യുഗത്തിൽ—ദൈവത്തിന്റെ തേജസ്സുള്ള സംഘാത ആവിഷ്കാരം ദൈവത്തിന്റെ കെട്ടിടം
- സഹസ്രാബ്ദത്തിൽ—ദൈവത്തിന്റെ തേജസ്സ് പ്രത്യക്ഷമാകും
- നിത്യതയിൽ—പുതിയ യെരൂശലേമിന് ദൈവത്തിന്റെ തേജസ്സ് ഉണ്ട്
- ദൈവത്തിന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ തേജസ്സിൽ ദിവ്യ വെളിപാടിന്റെ ഉന്നത ശിഖരം ഉൾപ്പെടുന്നു
- ദൈവത്തിന്റെ വ്യവസ്ഥയുടെ ലക്ഷ്യം നാം എല്ലാവരും അവന്റെ തേജസ്സിനെ പ്രകാശിപ്പിക്കുക എന്നതാണ്

## ക്രിസ്തുവുമായ് ദൈവ തേജസ്സ് ബന്ധപ്പെട്ടിരിക്കുന്നത്

**III. ദൈവത്തിന്റെ തേജസ്സ്, ക്രിസ്തുവിന്റെ ജഡാവതാരവും, മനുഷ്യജീവിതവും, ക്രൂശുമരണവും, പുനരുത്ഥാനവും, ആരോഹണവും, മടങ്ങിവരവും, പുതിയ യെരൂശലേമിൽ അവൻ വിളക്കായിരിക്കുന്നതുമായ് ബന്ധപ്പെട്ടിരിക്കുന്നു**

- തന്റെ ജീവിതത്തിലും വേലയിലും കർത്താവായ യേശു സ്വന്തം മഹത്വമല്ല, തന്നെ അയച്ചവന്റെ മഹത്വമാണ് അന്വേഷിച്ചത്
- ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെട്ടു
- ക്രിസ്തു തന്റെ ആരോഹണത്തിൽ തേജസ്കരിക്കപ്പെട്ടു;
- കർത്താവ് മനുഷ്യപുത്രനായി പിതാവിന്റെ തേജസ്സിൽ വീണ്ടും വരും
- നിത്യതയോളം പുതിയ യെരൂശലേമിൽ കുഞ്ഞാടായ ക്രിസ്തു വിളക്കെന്ന നിലയിൽ ദൈവതേജസ്സിനെ ആവിഷ്കരിക്കും

## തേജസ്സും തേജസ്കരണവും

**IV. കർത്താവായ യേശുവിന്റെ തേജസ്സും തേജസ്കരണവും യോഹന്നാന്റെ സുവിശേഷത്തിൽ നമുക്ക് കാണുവാൻ കഴിയും**

- ശിഷ്യന്മാർ കർത്താവിന്റെ തേജസ്സിനെ പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു
- യേശു തന്റെ തേജസ്സ് വെളിവാക്കി—കർത്താവിന്റെ ദിവ്യത്വം വെളിവാക്കപ്പെട്ടു
- കർത്താവ് മനുഷ്യരിൽനിന്ന് മഹത്വം സ്വീകരിച്ചില്ല
- കർത്താവ്, തന്നിൽനിന്ന് സംസാരിച്ചില്ല, അവൻ സ്വന്ത മഹത്വം അന്വേഷിച്ചില്ല മറിച്ച് തന്നെ അയച്ചവന്റെ മഹത്വം അന്വേഷിച്ചു
- മനുഷ്യപുത്രൻ എന്ന നിലയിൽ യേശു തേജസ്കരിക്കപ്പെടുന്നത് അവൻ ഉയിർത്തെഴുന്നേൽക്കുന്നതായിരുന്നു.
- തന്റെ മനുഷ്യത്വത്തെ ദിവ്യ മൂലകത്തിലേക്ക് ഉയർത്തുകയും അവന്റെ ദിവ്യ മൂലകം ആവിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് ക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയും, അതിന്റെ ഫലമായി അവന്റെ മുഴുവൻ ആളത്തവും, തേജസ്കരിക്കപ്പെടുകയും, അങ്ങനെ പിതാവ് പുത്രനിൽ തേജസ്കരിക്കപ്പെടുകയും ചെയ്തു
- ഒരുമയുടെ ഏറ്റവും ഉയർന്ന ഘട്ടത്തിലേക്ക്—ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദിവ്യ തേജസ്സിലുള്ള ഒരുമയിലേക്ക്—വിശ്വാസികൾ, അവരുടെ സ്വയം പൂർണ്ണമായി ത്യജിക്കുകയും, അവരുടെ തികഞ്ഞതാക്കപ്പെട്ട ഒരുമയുടെ ഘടകമായ പിതാവിന്റെ തേജസ്സ് ആസ്വദിക്കുകയും ചെയ്യുന്നതിലൂടെ കൊണ്ടുവരപ്പെടുന്നു

## പുത്രനായ ക്രിസ്തു പിതാവിന്റെ തേജസ്കരണം

**V. ത്രിയേക ദൈവത്തിന്റെ ദേഹരൂപമെന്ന നിലയിൽ, പുത്രനായ ക്രിസ്തു പിതാവിന്റെ തേജസ്കരണമാണ്**

- തേജസ്കരണം അർഥമാക്കുന്നത് വെളിവാക്കലിനെയാണ്; തേജസ്കരിക്കപ്പെടുന്നത് വെളിവാക്കുന്നതാണ്.
- യോഹന്നാൻ 14 മുതൽ 16 വരെയുള്ള അധ്യായങ്ങളിലെ തന്റെ ദൂതിൽ കർത്താവ് തേജസ്കരണത്തെക്കുറിച്ച് സംസാരിക്കുകയും, 17-ലെ തന്റെ പ്രാർഥനയിൽ തേജസ്കരണത്തിനുവേണ്ടി അവൻ പ്രാർഥിക്കുകയും ചെയ്തു
- ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ ദിവ്യ തേജസ്സോടുകൂടെ പിതാവിനാൽ തേജസ്കരിക്കപ്പെട്ടു
- പുതിയനിയമ ചിന്തയനുസരിച്ച്, പുനരുത്ഥാനം ജീവന്റെ വിടുതലും, ജീവന്റെ ഈ വിടുതൽ തേജസ്കരണത്തിന്റെ വിഷയവുമാണ്; അതുകൊണ്ട് തേജസ്കരണം പുനരുത്ഥാനത്തിന്റെ പര്യായപദമാണ്
- പുത്രനിലും പുത്രനിലൂടെയും പിതാവ് തേജസ്കരികരിക്കപ്പെടേണ്ടതിന് ഇന്ന് സഭയാലാണ് പുത്രൻ തേജസ്കരിക്കപ്പെടുന്നത്
- തേജസ്സെന്നത് ദിവ്യ ജീവന്റെയും ദിവ്യ പ്രകൃതത്തിന്റെയും ആവിഷ്കാരമാണ്; ദിവ്യ ജീവനാലും ദിവ്യ പ്രകൃതത്താലും നാം എത്രയധികം ജീവിക്കുന്നുവോ അത്രയധികം ദിവ്യ തേജസ്സ് സഭയിൽ ഉണ്ടായിരിക്കും
- നാം ഒന്നായിരിക്കുമ്പോൾ, ക്രിസ്തു തേജസ്കരിക്കപ്പെടുന്നു, പിതാവും തേജസ്കരിക്കപ്പെടുന്നു.
- യോഹന്നാൻ 17-ലെ ഒരുമ പുത്രനിൽ പിതാവിന്റെ തേജസ്കരണത്തിനു വേണ്ടിയാണ്; ഈ ഒരുമ വാസ്തവത്തിൽ ദിവ്യ തേജസ്കരണമാണ്.